**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730** **29.11.2018 -ൽ മറുപടിക്ക്**

## പ്രളയം ടൂറിസം മേഖലയിലുണ്ടാക്കിയ ആഘാതം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തുണ്ടായ പ്രളയം ടൂറിസം മേഖലയിലുണ്ടാക്കിയിട്ടുള്ള ആഘാതം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | എ) | പരിശോധന നടത്തിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടിയോളം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട് (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്. |
| ബി) വരും വർഷങ്ങളിൽ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് വേണ്ടി സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) | പ്രളയം കേരളത്തിന്റെ ടൂറിസം മേഖലയിലുണ്ടാക്കിയ ആഘാതത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആഭ്യന്തര - വിദേശ വിനോദസഞ്ചാര വിപണികളിൽ കൂടുതൽ ശക്തമായ സാന്നിദ്ധ്യം അറിയിക്കുന്നതിനുവേണ്ടി |

അച്ചടി മാധ്യമങ്ങൾ, ദൃശ്യ മാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിദ്ധ്യം കൂടുതലുള്ള സ്ഥലങ്ങൾ എന്നിവയിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനു പുറമേ സമൂഹ മാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകരും, മാധ്യമസംഘങ്ങളും തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുവാനായി Familiarisation Tour സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിലെ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറുവാനുമായി 'Kerala Now is The Time' എന്ന പേരിൽ ഒരു 'Multi Media Brand Campaign' ഉടൻതന്നെ വിപണികളിൽ സംഘടിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു.

ഈ പ്രവർത്തനങ്ങളുടെ ഫലമായി വരുംവർഷങ്ങളിൽ കൂടുതൽ ആഭ്യന്തര – വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ